**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **22-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളെ സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജ് ഉൾപ്പെടെ സർക്കാർ ആശുപത്രികളെ സംബന്ധിച്ച് പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിങ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ 3 റീജണൽ വിജിലൻസ് യൂണിറ്റ് (RVU) പ്രവർത്തിച്ചു വരുന്നു. ഓരോ സർക്കാർ മെഡിക്കൽ കോളേജിലും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് അദ്ധ്യക്ഷനായ ഡിസിപ്ലിനറി കമ്മറ്റികൾ നിലവിലുണ്ട്. ലഭിക്കുന്ന പരാതികളിന്മേൽ ഹോസ്പിറ്റൽ ഡിസിപ്ലിനറി കമ്മറ്റികൾ അന്വേഷണം നടത്തി റിപ്പോർട്ട് ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) അദ്ധ്യക്ഷനായ ഡി.എം.ഇ തലത്തിലുള്ള വിജിലൻസ് കമ്മറ്റിക്ക് കൈമാറുന്നു. ഡയറക്ടറേറ്റ് തലത്തിൽ പ്രസ്തുത പരാതി പരിശോധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടവയ്ക്ക് നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തെറ്റ് ആവർത്തിക്കാതിരിക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്ത് വരുന്നു. |
| (ബി) | ആരോഗ്യവകുപ്പിൽ വിജിലൻസ് സംവിധാനം നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത സംവിധാനം പ്രവർത്തിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിങ് പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോയിന്റ് ഡയറക്ടർ (മെഡിക്കൽ) അദ്ധ്യക്ഷനായി ഒരു വിജിലനസ് സെൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും പ്രവർത്തിക്കുന്ന കാഷ്വാലിറ്റികളിൽ ആവശ്യത്തിന് മുതിർന്ന ഡോക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | മെഡിക്കൽ കോളേജ് കാഷ്വാലിറ്റികളിൽ മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിക്കൽ വിഭാഗം ആരംഭിച്ചിട്ടുണ്ട്. എമർജൻസി |

| | | | |
|---|---|---|---|
| | | | മെഡിസിൻ വിഭാഗത്തിൽ ഒരു പ്രൊഫസർ, ഒരു അസ്സോസിയേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒൻപത് സീനിയർ റസിഡന്റുമാർ എന്നിവരുടെ സേവനം ലഭ്യമാണ്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോ, ഇ എൻ റ്റി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനവും ക്യാഷ്വാലിറ്റി വിഭാഗത്തിൽ ലഭ്യമാണ്. മറ്റ് മെഡിക്കൽ കോളേജുകളിലും എമർജൻസി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ നിലവിലുള്ള തസ്തികകളുടെ അടിസ്ഥാനത്തിലാണ് ഡോക്ടർമാർക്ക് നിയമനം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ